ക്ലാസ്: 4

404

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2015-16

സമയം: 2 മണിക്കൂർ　　പരിസരപഠനം　　ആകെ സ്കോർ: 25

പേര്:　　ഡിവിഷൻ:

സ്കൂളിന്റെ പേര്:

| പ്രവർത്തനം | ഗ്രേഡ് |
|---|---|
| 1 | |
| 2 | |
| 3 | |
| 4 | |
| 5 | |
| ഓവറോൾ ഗ്രേഡ് | |

ടീച്ചറുടെ പേര് :　　ഒപ്പ് :

രക്ഷിതാവിന്റെ പേര് :　　ഒപ്പ് :

പ്രവർത്തനം 1

അരവിന്ദ് ശേഖരണ പുസ്തകത്തിൽ ഒട്ടിക്കുന്നതിനായി ശേഖരിച്ച ഇലകളുടെ ചിത്രങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.




- ഇലകളുടെ സിരാവിന്യാസത്തിനനുസരിച്ച് നിങ്ങൾക്കിവയെ തരം തിരിക്കാമോ?

**പോയിന്റ് 2**

| ഗ്രൂപ്പ്-1 | ഗ്രൂപ്പ്-2 |
|---|---|
| | |
| | |

- ഗ്രൂപ്പ്-1 ലെ സസ്യങ്ങളുടെ വേരുകൾക്കുള്ള പ്രത്യേകതകൾ എഴുതുക

**പോയിന്റ് 2**

- വൻമരങ്ങളിൽ ഏതു വേരുപടലമാണ് കൂടുതലായി കാണുന്നത്? **പോയിന്റ് 1**

## പ്രവർത്തനം 2

ഫീൽഡ് ട്രിപ്പിനുശേഷം റസിയ തയ്യാറാക്കിയ പദക്കാർഡുകളാണ് താഴെ കൊടുത്തിരിക്കുന്നത്. അവയിൽ സൂചിപ്പിച്ച ഘടകങ്ങൾ തമ്മിലുള്ള ബന്ധം കണ്ടെത്താൻ ശ്രമിക്കുകയാണ് റസിയ.

♦ മാതൃക നോക്കി അനുയോജ്യമായവ പരസ്പരം ബന്ധിപ്പിക്കൂ. പോയിന്റ് 2




♦ പരസ്പരം ബന്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നിങ്ങളുടെ കണ്ടെത്തലുകൾ എഴുതൂ? പോയിന്റ് 2

▪

▪

▪

▪

♦ ഒരു പ്രത്യേക പ്രദേശത്ത് പരസ്പരം ആശ്രയിക്കുന്ന ജീവീയവും അജീവിയവുമായ ഘടകങ്ങൾ ഉൾപ്പെടുന്നതിനെ വിളിക്കുന്ന പേരെന്ത്? പോയിന്റ് 1

പ്രവർത്തനം 3

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് സ്കൂളിൽ ഒരു പ്രദർശനത്തിനൊരുങ്ങുകയാണ് ടോമിയും കൂട്ടുകാരും. സ്വാതന്ത്ര്യസമരചരിത്രത്തിലെ ചില പ്രധാന സംഭവങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

| |
|---|
| സ്വാതന്ത്ര്യം ലഭിച്ച വർഷം, ക്വിറ്റ് ഇന്ത്യ സമരം,<br>ജാലിയൻവാലാബാഗ്, ഉപ്പുസത്യാഗ്രഹം |

ഇവയെ ഒരു തീവണ്ടിയുടെ ബോഗികളിൽ രേഖപ്പെടുത്താനാണ് അവർ ശ്രമിക്കുന്നത്.

- എങ്ങനെയായിരിക്കും അവർ സംഭവങ്ങളെ രേഖപ്പെടുത്തുക. എഴുതിനോക്കൂ.

**പോയിന്റ് 2**




- ഇവയിൽ ഏതെങ്കിലും ഒരു സംഭവത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക. **പോയിന്റ് 2**

- കേരള ഗാന്ധി എന്നറിയപ്പെടുന്നതാര്? **പോയിന്റ് 1**

പ്രവർത്തനം 4

പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് ഗോപിക തയ്യാറാക്കിയ ചുമർപത്രികയിൽ സൂചിപ്പിച്ച ചില പ്രശ്നങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

വയൽ നികത്തൽ വ്യാപകം

കുളങ്ങൾ ചവറ്റുകുട്ടകളാകുന്നു

കാവുകൾ അന്യമാകുന്നു

- ഇത്തരത്തിൽ നിങ്ങളുടെ ചുറ്റുപാടിൽ അനുഭവപ്പെടുന്ന ഒരു പരിസ്ഥിതി പ്രശ്നം എഴുതു. **പോയിന്റ് 1**

- ഈ പ്രശ്നങ്ങൾ കൊണ്ടു ഉണ്ടാകാവുന്ന ദോഷങ്ങൾ എന്തെല്ലാം **പോയിന്റ് 2**

  - 
  - 
  - 
  - 

- അവയ്ക്കുള്ള പരിഹാര മാർഗങ്ങൾ നിർദ്ദേശിക്കുക **പോയിന്റ് 2**